# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3796 — 21.06.2018 ൽ മറുപടിക്ക്

### സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ വളർച്ച

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ വളർച്ചയ്ക്കായി എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത്; | (എ) | സംസ്ഥാനത്ത് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനായി മുന്നോട്ട് വരുന്നവർക്ക് വ്യവസായ വാണിജ്യ വകുപ്പ് താഴെപ്പറയുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുന്നു.<br>• സംരംഭകന്റെ പ്രായോഗിക പരിജ്ഞാനവും അനുഭവസമ്പത്തും അഭിരുചിയും കണക്കിലെടുത്ത് എന്ത് പ്രോജക്ട് തുടങ്ങിയാലാണ് അദ്ദേഹത്തിന് വിജയിക്കുവാൻ കഴിയുക എന്ന കാര്യത്തിൽ ഉപദേശം നൽകുന്നു.<br>• പ്രോജക്ട് നടപ്പിലാക്കുന്നതിനാവശ്യമായ ഫണ്ട് കണ്ടെത്താൻ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് ശുപാർശ ചെയ്യുന്നു.<br>• ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിന് സംരംഭകന് വേണ്ടി hand holding service നൽകുന്നു.<br>• വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് ആവശ്യമായ കൈത്താങ്ങ് സഹായം നൽകുന്നു.<br>• ലൈസൻസുകളും, ക്ലിയറൻസുകളും |

| | | | | |
|---|---|---|---|---|
| | | | | വേഗത്തിൽ ലഭ്യമാക്കുന്നതിന് ഗ്രീൻ ചാനൽ കൗണ്ടർ, സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് എന്നിവ മുഖാന്തിരം സഹായം നൽകുന്നു.<br>• ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ വഴി സംരംഭകന് സമഗ്രമായ അറിവും മറ്റു സഹായങ്ങളും പ്രദാനം ചെയ്യുന്നു.<br>• സ്ഥല ദൗർലഭ്യം പരിഹരിക്കുന്നതിനായി വ്യവസായ വികസന ഏരിയകളിലും പ്ലോട്ടുകളിലും സ്ഥലം നൽകുന്നു.<br>• ജില്ലാതല മിനി വ്യവസായ സഹകരണസംഘങ്ങൾ മുഖേന മിനി വ്യവസായ എസ്റ്റേറ്റുകളിൽ ഷെഡ്ഡുകൾ പണിതു നൽകുന്നു.<br>• വ്യവസായ വികസന ഏരിയകളിലും പ്ലോട്ടുകളിലും പട്ടികജാതി പട്ടിക വർഗ്ഗ സംരംഭകർക്കായി ഷെഡ്ഡുകൾ പണിതു നൽകുന്നു.<br>• സംരംഭക സഹായ പദ്ധതി പ്രകാരമുള്ള സബ്സിഡി ആനുകൂല്യങ്ങൾ അർഹരായ സംരംഭകർക്ക് നൽകുന്നു.<br>• കേരളത്തിന്റെ പ്രത്യേകതകൾ, ലോക സാഹചര്യങ്ങളും ഇന്ത്യൻ സാഹചര്യങ്ങളും പരിശോധിക്കുമ്പോൾ സംസ്ഥാനത്തിന്റെ അവസ്ഥ, പുതിയ സാങ്കേതിക വിദ്യ, മാനേജ്മെന്റ് തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും സംരംഭകന് അറിവ് പകർന്നു നൽകുന്നതിനും സെമിനാറുകൾ, ടെക്നോളജി ക്ലിനിക്കുകൾ, സംരംഭകത്വ വികസന പരിപാടി |

| | | | |
|---|---|---|---|
| | | | കൾ തുടങ്ങിയവ നടത്തുന്നു.<br><br>മികച്ച കേരള സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സ്ഥാപിക്കുന്നതിനുവേണ്ടി വിവിധ ഘടകങ്ങളടങ്ങിയ യുവസംരംഭകത്വ വികസനപദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. നടപ്പുസാമ്പത്തിക വർഷം ഈ പദ്ധതികൾ മുൻഗണനാക്രമത്തിൽ നടപ്പിലാക്കുന്നതിനായി ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യുവസംരംഭകത്വ വികസന പദ്ധതിക്കായി 70 കോടി രൂപയും ടെക്നോളജി ഇന്നവേഷൻ സോണിന്റെ ഭാഗമായി ഇൻകുബേഷൻ ഇൻഫ്രാസ്ട്രക്ച്ചർ വികസന നിധിക്കായി 10 കോടി രൂപയും നടപ്പു സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.<br>സംസ്ഥാന സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ വളർച്ചയ്ക്കായി കെ എസ് ഐ ഡി സി മുഖേന എല്ലാവിധ ആധുനിക സൗകര്യങ്ങളോടും കൂടിയ മൂന്നോളം ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ നൂതനമായ ആശയങ്ങളുമായി വരുന്ന യുവസംരംഭങ്ങൾക്ക് പ്രാഥമിക മൂലധന സഹായമായി പദ്ധതി നടത്തിപ്പിന്റെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപ വരേയോ നൽകിവരുന്നു. വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുന്നതിനുവേണ്ടി കെ എസ് ഐ ഡി സി യുടെ സഹകരണത്തോടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 11 ഓളം കലാലയങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കെ എസ് ഐ ഡി സി യുടെ സഹായം സ്വീകരിച്ചിരിക്കുന്ന സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് കൃത്യമായ ഇടവേളകളിൽ |

| | | | |
|---|---|---|---|
| | | | മാർഗ്ഗനിർദ്ദേശ സെമിനാറുകളും മറ്റു ചർച്ചാ യോഗങ്ങളും നടത്തിവരുന്നു. |
| (ബി) | സ്കൂൾ ശാസ്ത്രമേളകളിലും മറ്റും ശ്രദ്ധ നേടുന്ന പുതിയ പ്രവർത്തന മാതൃകകളും ആശയങ്ങളും പ്രായോഗികതലത്തിൽ എത്തിക്കുന്നതിന് വ്യവസായ വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | സ്കൂൾ ശാസ്ത്ര മേളകളിലും മറ്റും ശ്രദ്ധ നേടുന്ന പുതിയ പ്രവർത്തന മാതൃകകളോ, ആശയങ്ങളോ ഉള്ള സംരംഭകർ വ്യവസായ വകുപ്പിനെ സമീപിക്കുകയാണെങ്കിൽ അവർക്കാവശ്യമായ സഹായങ്ങളും മാർഗ്ഗനിർദ്ദേശ ങ്ങളും വ്യവസായ വകുപ്പ് ചെയ്തുകൊടുക്കുന്നു. |

Bindu.T

**സെക്ഷൻ ഓഫീസർ**